# മലേഷ്യൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം ( മാർച്ച് 30- ഏപ്രിൽ 4, 2017 )

മാർച്ച് 30, 2017

മലേഷ്യൻ പ്രധാനമന്ത്രി ഹിസ് എക്സലൻസി ദാതോ ശ്രീ മൊഹമ്മദ് നജീബ് തുൻ അബ്ദുൾ റസാഖ് , മാർച്ച് 30 - ഏപ്രിൽ 04, 2017 വരെ ഇന്ത്യാ സന്ദർശനത്തിനെത്തുന്നു , അദ്ദേഹത്തിനൊപ്പം പത്നി ദതിൻ ശ്രീ റോസ്മാ മൻസൂറും ഉണ്ടായിരിക്കും . ഇത് മൂന്നാം പ്രാവശ്യമാണ് അദ്ദേഹം ഇന്ത്യ സന്ദർശിക്കുന്നത് , 2012ലായിരുന്നു അവസാനം സന്ദർശിച്ചത് . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2015 , നവംബറിൽ നടത്തിയ വിജയകരമായ മലേഷ്യ സന്ദർശനത്തെ തുടർന്നാണ് മലേഷ്യൻ പ്രധാനമന്ത്രിയുടെ ഈ സന്ദർശനം

ശ്രീ മൊഹമ്മദ് നജീബ് തുൻ അബ്ദുൾ റസാഖിന്റെ ഉന്നത തല പ്രതിനിധി സംഘത്തിൽ നിരവധി ക്യാബിനറ്റ് മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടും . മലേഷ്യയിലെ പ്രമുഖ കമ്പനികൾ, ബിസിനസ് പ്രമുഖർ എന്നിവരുൾപ്പെടുന്ന വലിയ ഒരു വ്യാപാര പ്രതിനിധി സംഘവും അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും . ന്യൂഡെൽഹിക്ക് പുറമെ ചെന്നൈ, ജയ്പൂർ എന്നിവിടങ്ങളും പ്രധാനമന്ത്രി സന്ദർശിക്കും

നിരവധി ഉഭയകക്ഷി, വ്യവസായ ഉടമ്പടികളും സന്ദർശനത്തോട് അനുബന്ധിച്ച് ഒപ്പ് വയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു

ന്യൂഡെൽഹി
മാർച്ച് 30, 2017